(ഡി) പദ്ധതികളുടെ പണി എന്നേക്ക് പൂർത്തീകരിക്കുമെന്നറിയിക്കുമോ ?

ഉത്തരം

(എ) ജലസേചന വകുപ്പിൻ കീഴിൽ ഇത്തരത്തിൽ പദ്ധതികൾ നിലവിലില്ല.

(ബി - ഡി) ബാധകമല്ല.

പേരാമ്പ്ര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

105 (4995) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പേരാമ്പ്ര മണ്ഡലത്തിൽ ജലസേചനം, ചെറുകിട ജലസേചനം, ആർ.എം.എഫ്. (റിവർ മാനേജ്മെന്റ് ഫണ്ട്) എന്നിവ വഴി എത്ര പദ്ധതികൾ അനുവദിച്ചുവെന്നും അവ ഏതൊക്കെയെന്നും പദ്ധതികളുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും വിശദമാക്കുമോ ?

ഉത്തരം

ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

106 (4996) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ജലസേചനം ചെറുകിട ജലസേചനം, ആർ.എം.എഫ്. മേഖലയിൽ ഏതൊക്കെ പ്രവൃത്തികൾ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) അനുവദിച്ച പ്രവൃത്തികൾക്ക് ഓരോന്നിനും എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലുള്ള അവസ്ഥ വ്യക്തമാക്കുമോ ?

ഉത്തരം

(എ - സി) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സ്വാമിനാഥൻ കമ്മീഷൻ

107 (4997) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം. എസ്. സ്വാമിനാഥൻ കമ്മീഷൻ ശുപാർശ, പ്രകാരം കുട്ടനാട് മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള എന്തൊക്കെ പദ്ധതികളാണ് ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടുത്തെ ബണ്ടുകളുടെ ഉയരം കൂട്ടുന്നതിന്റെ ഭാഗമായി ഇതുവരെ എത്ര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയത് ;

(സി) പ്രസ്തുത പദ്ധതിക്കായി ഇനിയും എന്തൊക്കെ പണികളാണ് ഇവിടെ നടത്തേണ്ടത് ;

(ഡി) ഇതിനായി ഇനിയും എത്ര കോടി രൂപ ചെലവിടേണ്ടിവരുമെന്ന് അറിയിക്കുമോ ;

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇതുവഴി എത്ര കോടി രൂപ വരുമാനമായി നേടാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ ജലവിഭവ വകുപ്പ് നടത്തിവരുന്നു.

1. തണ്ണീർമുക്കം ബണ്ട് നവീകരിക്കുക വഴി ഓരുവെള്ളം കയറുന്നത് തടയാനും കുട്ടനാടിന്റെ പരിസ്ഥിതി സന്തുലിതാവസ്ഥ നിലനിർത്താനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

2. തോട്ടപ്പള്ളി സ്പിൽവേയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കുക.

3. സി&ഡി ബ്ലോക്കുകളുടേയും റാണി ചിത്തിര ബ്ലോക്കുകളുടെയും ഭാഗത്തുള്ള പാടശേഖരങ്ങളിലെ വെള്ളപ്പൊക്ക നിയന്ത്രണം.

4. ആലപ്പുഴ ചങ്ങനാശ്ശേരി കനാലിന്റെ തടസ്സങ്ങൾ നീക്കി കനാൽ പൂർണ്ണമായും നവീകരിക്കുക.

5. നെൽക്കൃഷിയുടെ അഭിവൃദ്ധിക്കായി പാടശേഖരങ്ങളുടെ ബണ്ടുകൾ ഉയർത്തുക, ബലപ്പെടുത്തുക ഇവയുമായി ബന്ധപ്പെട്ട മോട്ടോർതറ, മോട്ടോർഷെഡ്, പൊതുമട, പൈപ്പ് കൾവർട്ട്, ബോക്സ് കൾവർട്ട് എന്നിവ നിർമ്മിക്കുക.

6. കുട്ടനാടൻ തണ്ണീർത്തടത്തിലേയും ഓണാട്ടുകര കുറവൂർ, പട്ടണക്കാട് എന്നീ പ്രദേശങ്ങളിലേയും പുഴകൾ, കനാലുകൾ, ഓടകൾ, കുളങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുക.

7. കരിയാർ പോലെയുള്ള സ്ഥലങ്ങളിലെ 33 ഓരു മുട്ടുകൾക്കു പകരം സ്ഥിരം സംവിധാനം നടപ്പിലാക്കുക.

(ബി) ബണ്ടുകളുടെ ഉയരം കൂട്ടുന്നതിന്റെ ഭാഗമായുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പദ്ധതിയുടെ ഭാഗമായി കൂട്ടനാട് പ്രദേശത്തെ ഏകദേശം 1400-ൽപ്പരം പാടശേഖരങ്ങളുടെ 2500 കിലോമീറ്ററോളം നീളം വരുന്ന പുറംബണ്ടിന്റെ ഉയരം കൂട്ടുകയും, മോട്ടോർതറ, മോട്ടോർ ഷെഡ്, പൊതുമട, മുതലായവ നിർമ്മിക്കുകയോ പുതുക്കി പണിയുകയോ ചെയ്യേണ്ടതുണ്ട്.

(ഡി) ഇതിനായി ഏകദേശം 1200 കോടി രൂപയിലധികം വേണ്ടിവരുമെന്ന് കണക്കാക്കപ്പെടുന്നു.

(ഇ) പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പതിനൊന്നാം പഞ്ചവത്സര പദ്ധതി സമയത്തുതന്നെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്) ഇതുവഴി ഏകദേശം 613 കോടി രൂപയുടെ വാർഷിക നഷ്ടം ഒഴിവാക്കാൻ സാധിക്കുമെന്ന് കരുതുന്നു.

നെയ്യാർ ഇറിഗേഷൻ പദ്ധതിയുടെ വിവിധ ഭാഗങ്ങളിൽ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറിയ സംഭവം

108 (4998) ശ്രീ. വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഇറിഗേഷൻ പദ്ധതിയുടെ ഭാഗമായുള്ള ചാനലുകളുടെ വിവിധ ഭാഗങ്ങളിൽ സർക്കാർ ഭൂമി സ്വകാര്യ വ്യക്തികൾ കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പള്ളിച്ചൽ, മലയിൻകീഴ് ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽക്കൂടി കടന്നുപോകുന്ന കനാലുകൾ സ്വകാര്യവ്യക്തികൾ കയ്യേറി നിർമ്മാണ പ്രവർത്തനം നടത്തിയത് സംബന്ധിച്ച് ഏതെങ്കിലും പരാതി നിലനിൽക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചു ;

(സി) പള്ളിച്ചൽ ഗ്രാമപഞ്ചായത്ത് അധികാരികളുടെ ഒത്താശയോടെ ചാനൽ വക സർക്കാർ ഭൂമി പിടിച്ചെടുത്ത് നിർമ്മാണം നടത്തിയതിന്മേൽ എന്ത് നടപടി സ്വീകരിച്ചു ; സർക്കാർ ഭൂമിയിൽ അനധികൃത നിർമ്മാണത്തിന് അനുമതി നൽകിയ ഉദ്യോഗസ്ഥനെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

വൈക്കം - തവണക്കടവ് സർവ്വീസ്

109 (4999) ശ്രീ. പി. തിലോത്തമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈക്കം, തവണക്കടവ് ജങ്കാർ സർവ്വീസ് നടത്തുന്ന ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ ; എത്രകാലമായി ഇവർ വൈക്കം-തവണക്കടവ്

LIBRARY ARCHIVES Kerala Legislative Assembly